**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3729** **02-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് പാൽ വില വർദ്ധനവിന്റെ ഫലം ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൽവില വർദ്ധനവ് ഏറ്റവുമൊടുവിൽ നിലവിൽ വന്നത് എന്ന് മുതലാണ്; ഒരു ലിറ്ററിന് എത്ര രൂപയുടെ വർദ്ധനവാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | മിൽമ പാലിന്റെ വില്പന വില വർദ്ധിപ്പിച്ചത് 2022 ഡിസംബർ ഒന്നാം തീയതി മുതലാണ്. വില്പന വിലയിൽ ലിറ്ററിന് 6.00 രൂപ വർദ്ധനവാണ് വരുത്തിയത്. ഇതിന്റെ 83 ശതമാനം കർഷകന് ലഭിക്കുന്ന രീതിയിലുള്ള പാൽവില ചാർട്ടാണ് ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | കേരളത്തിലെ കർഷകർക്ക് ലഭിച്ചിരുന്ന ശരാശരി പാൽ വില, പാലിന്റെ വില വർദ്ധനവ് നിലവിൽ വരുന്നതിന് മുമ്പും ശേഷവും എത്രയാണെന്ന് വിശദമാക്കുമോ; | (ബി) | പാൽ വില വർദ്ധിപ്പിക്കുന്നതിന് മുൻപ് സംസ്ഥാന ശരാശരി ഗുണനിലവാരമായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് സംഘത്തിൽ നിന്നും കർഷകന് ലിറ്ററിന് 37.49 രൂപ കിട്ടിയിരുന്നത് പാൽവില വർദ്ധനവിനു ശേഷം 43.17 രൂപയായി വർദ്ധിച്ചു. |
| (സി) | കർഷകർക്ക് ലഭിക്കുന്ന പാൽ വിലയിൽ ശരാശരി എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; പ്രസ്തുത വർദ്ധനവിന്റെ എൺപത് ശതമാനവും കർഷകർക്ക് ലഭിക്കാത്തതായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | വില്പന വിലയിൽ 6 രൂപ ലിറ്ററിന് വർദ്ധിപ്പിച്ചപ്പോൾ കർഷകന് വർദ്ധിച്ച വിലയുടെ 83.75 ശതമാനം ലഭിക്കും. അളക്കുന്ന പാലിന്റെ ഗുണനിലവാരമനുസരിച്ചുള്ള ക്രമാനുഗതമായ വർദ്ധനവ് വരുന്ന രീതിയിലുള്ള ചാർട്ടാണ് ശാസ്ത്രീയമായി തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരി ഗുണനിലവാരമായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് 5.68 രൂപ വർദ്ധനവ് ലഭിക്കും. ചാർട്ടനുസരിച്ച് 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിലൊഴിക്കുന്ന കർഷകന് ലിറ്ററിന് 5.025 രൂപയുടെ വർദ്ധനവ് ലഭിക്കും. എന്നാൽ ചാർട്ടിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും ഗുണനിലവാരം കുറഞ്ഞ പാലിന് വില വർദ്ധനവ് ലഭ്യമല്ല. |
| (ഡി) | സംസ്ഥാനത്ത് നിന്നും ശേഖരിക്കുന്ന പാലിന് മിൽമ നൽകിയിട്ടുള്ള പരമാവധി വില നിരക്കും ഏറ്റവും കുറഞ്ഞ വില നിരക്കും എത്ര വീതമാണെന്ന് അറിയിക്കുമോ; | (ഡി) | അളക്കുന്ന പാലിന്റെ ഗുണനിലവാരമനുസരിച്ചുള്ള ക്രമാനുഗതമായ വർദ്ധനവ് വരുന്ന രീതിയിലുള്ള ചാർട്ടാണ് ശാസ്ത്രീയമായി തയ്യാറാക്കിയിരിക്കുന്നത്. ചാർട്ടിൽ കൊഴുപ്പ്/ കൊഴുപ്പിതര പദാർത്ഥം 8.0/10.0 |

| | | | |
|---|---|---|---|
| | | | ഗുണനിലവാരമുള്ള പാലിന് വരെ വില ഉൾക്കൊള്ളിച്ചിട്ടുണ്ട്. 8.0/10.0 ഗുണനിലവാരമുള്ള പാലിന് 62.66 രൂപ ലഭിക്കും. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് 43.17 രൂപ ലിറ്ററിന് ലഭിക്കും. 6.0/9.0 ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് 52.22 രൂപയും ലഭിക്കും. ചാർട്ടനുസരിച്ച് 3.0/8.0 ഗുണനിലവാരമുള്ള പാലിന് സംഘത്തിൽ നിന്നും കർഷകന് ലിറ്ററിന് 38.29 രൂപ രൂപ ലഭിക്കും. |
| (ഇ) | പത്ത് വർഷക്കാലയളവിനുള്ളിൽ പാൽ വില വർദ്ധനയുടെ പലമടങ്ങ് വർദ്ധനവ് കാലിത്തീറ്റയുടെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും വിലയിൽ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത വർദ്ധന ക്ഷീരകർഷകരെ പ്രതിസന്ധിയിൽ ആക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്ഷീര കർഷകരുടെ വരുമാന വർദ്ധനവിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എഫ്) | 2012-ൽ മിൽമയുടെ കാലിത്തീറ്റയുടെ വിൽപന വില 50 കിലോ ചാക്കിന് 850 രൂപയായിരുന്നത് ഇപ്പോൾ ചാക്കിന് 1400 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2012-ൽ പാലിന്റെ വില്പന വില ലിറ്ററിന് 35 രൂപയായിരുന്നത് നിലവിൽ ലിറ്ററിന് 50 രൂപയാണ്. കാലിത്തീറ്റയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുത്തുന്നതുകൊണ്ട് വിലനിയന്ത്രണത്തിന് പരിമിതികളുണ്ട്.<br><br>കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിനായി വിവിധ പദ്ധതികൾ മേഖലാ യൂണിയനുകൾ നടത്തിവരുന്നുണ്ട്. സബ്സിഡി നിരക്കിൽ കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ എന്നിവ കർഷകർക്ക് നല്കി വരുന്നു. അതോടൊപ്പം തന്നെ തീറ്റപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കളും കർഷകർക്ക് സബ്സിഡി നിരക്കിൽ നല്കുന്നുണ്ട്. കർഷകർക്ക് ആശ്വാസമേകുന്നതിനായി പാലിന്റെ വിൽപന വില ലിറ്ററിന് 6 രൂപ നിരക്കിൽ 2022 ഡിസംബർ ഒന്നാം തീയതി മുതൽ വർദ്ധിപ്പിക്കുകയും വർദ്ധനവിന്റെ 83 ശതമാനം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് |

| | | | |
|---|---|---|---|
| | | | പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്<br><br>കാലിത്തീറ്റയുടെ ഉത്പാദന ചെലവ് കൂടുവാനുള്ള കാരണം അസംസ്കൃതവസ്തുക്കളുടെ വിലവർദ്ധനവ് ആയതിനാൽ പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചാക്കൊന്നിന് 150 രൂപ മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ വിലവർദ്ധനവ് 01.11.2022 മുതലാണ് പ്രാബല്യത്തിൽ വന്നത്. എങ്കിലും കേരള ഫീഡ്സിന്റെ കാലിത്തീറ്റയുടെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്. |

സെക്ഷൻ ഓഫീസർ